**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2700** **06-10-2025 - ൽ മറുപടിയ്ക്ക്**

**ഇലക്ട്രിക് വാഹനങ്ങൾക്കുള്ള റീചാർജ്ജിംഗ് കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മുരളി പെരുനെല്ലി** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | മണലൂർ മണ്ഡലത്തിൽ ഇലക്ട്രിക് വാഹനങ്ങൾ റീചാർജ്ജ് ചെയ്യുന്നതിന് കെ. എസ്. ഇ. ബി. യുടെ കീഴിലുള്ള എത്ര ചാർജ്ജിംഗ് സ്റ്റേഷനുകൾ നിലവിലുണ്ടെന്നും അവ എവിടെയെല്ലാമാണെന്നും വ്യക്തമാക്കാമോ; | (എ) | മണലൂർ നിയോജക മണ്ഡലത്തിൽ കെ.എസ്.ഇ.ബി.എൽ. മുഖേന 1 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനും 6 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സ്റ്റേഷനുകളുടെ പട്ടിക **അനുബന്ധമായി** ചേർത്തിരിക്കുന്നു. |
| (ബി) | പുതുതായി എവിടെയെല്ലാം ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുണ്ടെന്നുള്ള വിവരം നൽകാമോ? | (ബി) | കേരളത്തിൽ കെ.എസ്.ഇ.ബി.എൽ., എല്ലാ ജില്ലകളിലും ആയി 63 ഫാസ്റ്റ് ചാർജിംഗ് സ്റ്റേഷനുകളും എല്ലാ നിയോജക മണ്ഡലങ്ങളിലും ആയി 1169 പോൾ മൗണ്ടഡ് ചാർജിംഗ് സ്റ്റേഷനുകളും സ്ഥാപിച്ചിട്ടുണ്ട്. സംസ്ഥാന നോഡൽ ഏജൻസി എന്ന നിലയിൽ വൈദ്യുത വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുക എന്ന ഗവൺമെന്റ് നയം പ്രചരിപ്പിക്കുന്നതിനായി, വിവിധ ഗവൺമെന്റ് സ്കീമുകളിൽ, ലഭ്യമായ സാമ്പത്തിക സഹായം ഉപയോഗിച്ചുകൊണ്ടാണ് കെ.എസ്.ഇ.ബി.എൽ. സംസ്ഥാനത്ത് ഒരു വിപുലമായ ചാർജിംഗ് ശൃംഖല പടുത്തുയർത്തിയത്. ഈ പദ്ധതികളെല്ലാം സമയബന്ധിതമായി പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ധാരാളം ചാർജിംഗ് സ്റ്റേഷനുകൾ സ്വകാര്യ സംരംഭകരും ആരംഭിച്ചിട്ടുണ്ട്.<br><br>എല്ലാ നിയോജക മണ്ഡലങ്ങളിലുമായി, CAPEX മാതൃകയിൽ എം.എൽ.എ. ഫണ്ട് ഉപയോഗിച്ച് അനുയോജ്യമായ സ്ഥലങ്ങളിൽ വൈദ്യുത വാഹനങ്ങളുടെ ചാർജിംഗിനായി, ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള ഒരു പ്രൊപ്പോസൽ കെ.എസ്.ഇ.ബി.എൽ. തയ്യാറാക്കിയിട്ടുണ്ട്, എം.എൽ.എ.-മാരുമായി ബന്ധപ്പെട്ട് അനുയോജ്യമായ സ്ഥലം കണ്ടെത്തുന്നതിനും ബന്ധപ്പെട്ട വിവരങ്ങൾ ഒരു നിശ്ചിത ഫോർമാറ്റിൽ സമർപ്പിക്കുന്നതിനും ആവശ്യപ്പെട്ട് കെ.എസ്.ഇ.ബി.എൽ.-ന്റെ വിതരണ വിഭാഗം ഡയറക്ടർ വഴി ബന്ധപ്പെട്ട എല്ലാ ഫീൽഡ് |

| | | | |
|---|---|---|---|
| | | | ഓഫീസർമാർക്കും നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. സ്ഥലം തിരഞ്ഞെടുക്കുന്നതിന്, ആദ്യഘട്ടം എന്ന നിലയിൽ ഓരോ നിയോജക മണ്ഡലത്തിലും കുറഞ്ഞത് ഒരു ചാർജിംഗ് സ്റ്റേഷൻ എന്ന നിലയിൽ 140 സ്ഥലങ്ങൾ ലഭ്യമാക്കുന്ന മുറയ്ക്ക് പദ്ധതിയുടെ അംഗീകാരത്തിനായി സമർപ്പിക്കുമെന്ന് കെ. എസ്. ഇ. ബി. എൽ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം–I

# മണലൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതിവകുപ്പ് മുഖേന സ്ഥാപിച്ചിട്ടുള്ള ചാർജിംഗ് സ്റ്റേഷനുകളുടെ വിവരങ്ങൾ

| Fast Charging Station Installed at Manalur Constituency | | |
|---|---|---|
| 1 | Kandasankadav 110Kv Substation Compound | |
| Pole Mounted Charging Stations Installed at Manalur Constituency | | |
| *Sl. No.* | *Location* | *Section* |
| 1 | Mullasery Bus Stand | Vengidange |
| 2 | Near Arimbur Panchayathu | Arimbur |
| 3 | Near Vadanappilly Panchayathu | Vadanappally |
| 4 | Kechery Bus Stand | Kecheri |
| 5 | chowallurpady valavu | Guruvayur |
| 6 | Old sub station compound Kandassankadavu | Kandassankadavu |